**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1731</u>** **<u>08-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. യെ ലാഭകരവും ജനസൗഹൃദവും തൊഴിലാളി സൗഹൃദവും ആക്കി മാറ്റുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കി മാറ്റുന്നതിന് നിലവിൽ വിവിധ സ്ഥലങ്ങളിൽ നിന്നും ഓഫീസുകളും മറ്റു കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ് മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസുകളായിരിക്കും ഉപയോഗിക്കുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇതുപയോഗിച്ച് യാത്ര ചെയ്യുവാൻ "ഗുഡ് ഡേ"കാർഡുകൾ നൽകുന്നതാണ്. കൂടാതെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, ക്യാഷ് ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽ തന്നെ റീചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ, വിനോദ സഞ്ചാരികൾക്കായി ടൂർ പാക്കേജ്, ഗ്രൂപ്പ് ബുക്കിംഗ്, പ്രൈവറ്റ് ഹയർ സർവ്വീസ് തുടങ്ങി വരുമാനം വർദ്ധനപ്പിക്കുന്നതിനായി ജനോപകാരപ്രദവുമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. 2020-2021 വർഷത്തെ ബഡ്ജറ്റിലെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയായി, വാഹന നിർമ്മാതാക്കളിൽ നിന്നും സി.എൻ.ജി. എഞ്ചിനും അനുബന്ധ സാമഗ്രഹികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

കൂടുതൽ ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനു മുന്നോടിയായി ആദ്യ ഘട്ടത്തിൽ 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനു വേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ദർഘാസിൽ 2 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുള്ളതും, ആയതിന്റെ സാമ്പത്തിക ദർഘാസ് തുറന്ന് തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ദർഘാസിൽ 3 സ്ഥാപനങ്ങൾ സാങ്കേതിക യോഗ്യത നേടിയിട്ടുണ്ട്. ഡീസൽ ബസ്സുകൾ proof of concept (POC) ആയി LNGയിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിലൂടേയും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. കൂടാതെ കൊറിയർ  പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം / ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും, നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: കെ.എസ്.ആർ.ടി.സി.യുടെ സർവീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപ മാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ഷോപ്പ് ഓൺ വീൽസ് എന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും, തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-നും കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് പദ്ധതി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഷോപ്പ്

ഓൺ വീൽസ് പദ്ധതിയിൽ കെ.ടി.ഡി.സി. താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം / ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ച് വരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'സ്ലീപ്പർ ഇൻ ബസ്" പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing”എന്ന പദ്ധതിയും "conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. യാത്രക്കാരായ പൊതുജനങ്ങൾക്ക് വിനോദത്തിന്റെ ഭാഗമായി മൂന്നാറിൽ ടെന്റുകൾ സ്ഥാപിക്കുന്നതിന് EOI ക്ഷണിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. കെ.എസ്.ആർ.ടി.സി 'ലോജിസ്റ്റിക്സ്' എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടികൈക്കൊള്ളാനും, കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോമ്പ്ലക്സുകൾ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിനു (പൊതുമേഖല കെ.എസ്.ആർ.ടി.സി സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം/ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം / ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്‌പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്ക്രാപ്പ് ചെയ്ത ബസ്സുകൾ ഫിഷ് ബൂത്തുകളായി പ്രവർത്തിപ്പിക്കുന്നതിന് പുതിയ പദ്ധതി

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽ നിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതിയുണ്ട്. തൊഴിലാളി സൗഹൃദമാക്കുന്നതിനുവേണ്ടി തൊഴിലാളികളുടെ toilet, rest-room തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള കൺസ്യൂമർ പമ്പുകളെ റീട്ടെയിൽ ഫ്യുവൽ ഔട്ട്‌ലെറ്റുകളാക്കി മാറ്റി അവയിലൂടെ പെട്രോളിയം ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനകം 8 പമ്പുകൾ റീട്ടെയിൽ ഫ്യുവൽ ഔട്ട്‌ലെറ്റുകളാക്കി മാറ്റി കഴിഞ്ഞു. |
| (ബി) | ജീവനക്കാർക്ക് ശമ്പള പരിഷ്കരണവും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിനും ഡിപ്പോ നവീകരണത്തിലൂടെ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽ നിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതിയുണ്ട്. തൊഴിലാളി സൗഹൃദമാക്കുന്നതിന് വേണ്ടി തൊഴിലാളികളുടെ toilet, rest-room തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ